# വി. കുർബാനയുടെ പ്രോപ്രിയാകൾ

**ഡോ. വർഗീസ് പാത്തിക്കുളങ്ങര സി.എം.ഐ.**

സീറോ മലബാർസഭയിൽ പരീക്ഷണാർത്ഥം പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രോപ്രിയാകൾ അഥവാ വി. കുർബാനയിൽ മാറിവരുന്ന ഭാഗങ്ങളെക്കുറിച്ച് അഭിവന്ദ്യ എബ്രഹാം മറ്റം പിതാവിന്റെ വളരെ അർത്ഥവത്തും അവശ്യം പരിഗണനാർഹങ്ങളുമായ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ദൈവജനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ പരിശ്രമിച്ച 'സത്യദർശനമാല'യുടെ ദൗത്യം വളരെ സ്തുത്യർഹം തന്നെ. അതിനോട് ചുരുക്കം ചില ചിന്താശകലങ്ങൾ കൂട്ടിച്ചേർത്ത് വിശ്വാസികളുടെ വിചിന്തനത്തിനായി സമർപ്പിക്കാനാണ് ഈ ലേഖനത്തിൽ പരിശ്രമിക്കുന്നത്.

**വിശ്വാസിയുടെ കടമ**

മിശിഹായിൽ ആരംഭിച്ച് സ്വർഗ്ഗീയ ഓറശ്ലമിലേക്ക് തീർത്ഥാടനം നടത്തിക്കൊണ്ടിരിക്കുന്ന തിരുസ്സഭയിൽ ഒരു പ്രത്യേക കാലയളവിൽ ജീവിക്കാൻ ഭാഗ്യം ലഭിക്കുന്ന ഓരോ വിശ്വാസിക്കും സഭയുടെ സനാതന പൈതൃക പാരമ്പര്യസമ്പത്ത് പൂർവ്വികരിൽനിന്നും അവികലമായി പകർന്നെടുത്ത് സ്വന്തം ജീവിതത്തിൽ അതിനെ ജീവാത്മകമായി വളർത്തി വികസിപ്പിച്ച്, അടുത്ത തലമുറയ്ക്കു കൈമാറാനുള്ള ഗൗരവമായ കടമയുണ്ടെന്നാണല്ലോ വിശ്വാസം നമ്മെ പഠിപ്പിക്കുന്നത്.

**ഇന്നത്തെ സ്ഥിതി**

സീറോ മലബാർസഭയിൽ ഇന്നു നടക്കന്ന പല കാര്യങ്ങളും, പ്രത്യേകിച്ചും ലിറ്റർജിതലത്തിലുള്ളവ ഇത്തരത്തിലാണെന്നു സമ്മതിക്കുവാൻ വലിയ ബുദ്ധിമുട്ടനുഭവപ്പെടുന്നു. സഭയുടെ പൈതൃകം വളർത്തി വികസിപ്പിക്കാനായില്ലെങ്കിലും, അതിനെ ക്ഷതപ്പെടുത്തി വികലമാക്കാനിടയായാൽ, തുടർന്നു വരുന്ന തലമുറകളും നല്ല ദൈവവും അതു ക്ഷമിക്കുമോ? ദൈവം അനന്തകാരുണ്യവാനായതുകൊണ്ട് ക്ഷമിക്കുമെന്നേ വിശ്വസിക്കാൻ വഴിയുള്ളൂ.

**പ്രോപ്രിയായുടെ ഉപയോഗം**

സഭയുടെ അതിപുരാതന ആരാധനാസമ്പത്തായ പ്രോപ്രിയാകൾ യഥോചിതം ഉപയോഗിക്കാൻ വത്തിക്കാനിൽനിന്നും സീറോമലബാർസഭയ്ക്കു നിർദ്ദേശം ലഭിച്ചിട്ട് അരനൂറ്റാണ്ടു കഴിഞ്ഞിട്ടാണെങ്കിലും അതിനു മുതിർന്നതുതന്നെ വലിയ ദൈവാനുഗ്രഹമായി കരുതാവുന്നതാണ്. ലിറ്റർജിതലത്തിൽ നടത്തുന്ന മുന്നേറ്റങ്ങളുടെ ഭാഗമായും ഇതു കണക്കാക്കാം. 'കാറോസൂസാ' പ്രാർത്ഥനകളുടെ പ്രത്യുത്തരശൈലി, ''മാറൻ എസ്റാഹം അലൈൻ'' = ''(ഞങ്ങളുടെ) കർത്താവേ, ഞങ്ങളിൽ കനിയണമേ'' എന്ന അതിപുരാതനവും വിശുദ്ധഗ്രന്ഥാത്മകവുമായ രീതി പുനഃസ്ഥാപിക്കാൻ പരിശ്രമിച്ചിരിക്കുന്നതിൽ വലിയ സന്തോഷം തോന്നി. പണ്ഡിതരുടെ അഭിപ്രായത്തിൽ, ഒരു മെശയാനിക വിശ്വാസിയുടെ അടിസ്ഥാന ആരാധനാമനോഭാവം പൂർണ്ണമായും പ്രകടിപ്പിക്കുന്ന ഒന്നാണിത്. ജറീക്കോയിലെ കുരുടന്റെയും കാനാൻകാരി സ്ത്രീയുടെയും ധൂർത്തപുത്രന്റെയുമൊക്കെ വിശ്വാസപ്രകാശനമായ പ്രസ്തുതശൈലി വിശുദ്ധ കുർബ്ബാനയിലെ ഏറ്റവും പുരാതനമായ പൊതു കാറോസൂസാപ്രാർത്ഥനയിൽ ഉണ്ടെങ്കിലും, പ്രായോഗികമായി അത് ഉപയോഗത്തിലില്ലാതെപോയ സാഹചര്യത്തിൽ ജീവദായകമായ പ്രസ്തുത പ്രാർത്ഥനാശൈലിയും ദൈവജനത്തിന് അപരിചിതമായിക്കൊണ്ടിരിക്കയായിരുന്നല്ലോ. ''ജീസസ് പ്രയർ'', ''ഈശോനാമജപം'' എന്ന പേരിൽ ഭുവനപ്രസിദ്ധമായിരിക്കുന്ന പ്രാർത്ഥനാശൈലിതന്നെയാണല്ലോയിത്.

ഇത്തരത്തിലുള്ള നല്ല വശങ്ങൾ വലിയ സന്തോഷത്തോടെ എടുത്തുപറയുന്നതോടൊപ്പം പോരായ്മകൾ പരിഹരിക്കേണ്ടതുമാണല്ലോ. മൊത്തത്തിൽ വിലയിരുത്തുമ്പോൾ, അഭിവന്ദ്യ മറ്റം പിതാവു പറഞ്ഞുവച്ചിരിക്കുന്നതുപോലെ ഇവ ശുഷ്കവും ഉപരിപ്ളവവുമായിപ്പോയി എന്ന് ആവർത്തിക്കാതിരിക്കാനാവുന്നില്ല. ഇവയുടെ സുറിയാനി, ലത്തീൻ ഭാഷകളിലുള്ള ഉറവിടങ്ങൾ The Crown of the Year, Vol. 1-2 എന്ന പേരിൽ ഇംഗ്ലീഷിലും കാലങ്ങളുടെ പേരിൽ 5 ചെറുപുസ്തകങ്ങളായി മലയാളത്തിലും 'ദനഹാസർവീസസ്' പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആർക്കും താരതമ്യപ്പെടുത്തി നോക്കി നിജസ്ഥിതി മനസ്സിലാക്കാവുന്നതേയുള്ളൂ. അഭിവന്ദ്യ മറ്റം പിതാവു ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ, ഇവിടെ വിശദാംശങ്ങളിലേക്ക് കടക്കേണ്ടതില്ലല്ലോ. ഉറവിടങ്ങൾ ജീവാത്മകമായി വളർത്തി വികസിപ്പിക്കുന്നതിനുള്ള ദൗത്യവും ഉത്തരവാദിത്വവുമാണല്ലോ സഭാമാതാവ് വിശ്വാസികൾ ഓരോരുത്തരെയും ഏല്പിച്ചിരിക്കുന്നതും.

**സ്വീകാര്യമായ സമീപനം**

വിവിധ തലങ്ങളിലും തരങ്ങളിലുമുള്ള ദീർഘനാളത്തെ പരിചിന്തനങ്ങൾക്കും റോമിന്റെ തുടർച്ച യായ ഇടപെടലുകൾക്കുംശേഷം സംവിധാനം ചെയ്ത്, മാർപാപ്പയടക്കം അംഗീകരിച്ചു നടപ്പിലാക്കിയ വിശുദ്ധ കുർബാനക്രമത്തിന്റെ ശൈലി, മറ്റെല്ലാ ആരാധനക്രമഗ്രന്ഥങ്ങൾക്കും മാതൃകയാണല്ലോ. ഉറ വിടങ്ങൾ പൂർണ്ണമായും കൊടുക്കുകയും, അതോടുകൂടി അനുരൂപണ വികസിതരൂപങ്ങളും നൽകി യിട്ട്, അവശ്യമെന്നു തോന്നുന്ന രീതിയിൽ തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം സഭാസിനഡ് തീരുമാനിച്ചുകൊടുക്കുക. അപ്പോൾ സമൂഹത്തിനും വ്യക്തികൾക്കും ധാരാളം സ്വാതന്ത്ര്യം ഉണ്ടാകും. കൂടുതൽ പ്രാർത്ഥിക്കുവാൻ താല്പര്യവും ആഗ്രഹവും സമയവുമുള്ളവർക്ക് സഭാത്മകമായ പ്രാർത്ഥ നാകർമ്മങ്ങളിൽ അവസരം നിഷേധിക്കാൻ ഇടയാവുകയുമില്ല. സത്യത്തിൽ, സഭാത്മകമായ പ്രാർത്ഥ നാകർമ്മങ്ങളാണല്ലോ സഭയിൽ എപ്പോഴും പ്രോത്സാഹിപ്പിക്കേണ്ടതും.

**അനുരൂപണവും വളർച്ചയും**

ലിറ്റർജിയുടെ സഭാത്മകചൈതന്യമനുസരിച്ച് പ്രോപ്രിയാകളുടെ കാര്യത്തിലാണല്ലോ അവ സരങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് അനുരൂപണസാദ്ധ്യതയുള്ളത്. അതുകൊണ്ട് ഇപ്പോൾ പകർന്നു കിട്ടിയിരിക്കുന്ന ഉറവിടങ്ങൾ അതേപടി ദൈവജനത്തിനു മനസ്സിലാകുന്ന ഭാഷയിലാക്കി നൽകിക്കൊണ്ട്, ഓരോ രൂപതാദ്ധ്യക്ഷന്റെയും മേൽനോട്ടത്തിൽ അവയെ സഭാത്മകവും ജീവാത്മക വുമായി വളർത്തി വികസിപ്പിച്ച് ഉപയോഗിക്കുന്നതിനുള്ള അവസരം ഒരു നിശ്ചിതകാലത്തേക്ക് നൽകു ന്നത് ഉചിതമായിരിക്കില്ലേ? യുക്തംപോലെ ഇതര രൂപതകളുമായി സഹകരിച്ചും ഇതു സാധിക്കുമ ല്ലോ. അവശ്യമായ ചില പൊതുമാനദണ്ഡങ്ങളും നിർദ്ദേശങ്ങളും സിനഡ് നൽകുന്നതും സഹായക രമായിരിക്കും.

നിശ്ചിത കാലയളവിനുശേഷം വികസിതരൂപങ്ങൾ സമാഹരിച്ച്, ആഴമായ നിരീക്ഷണപഠന ങ്ങൾ നടത്തി, സഭയ്ക്ക് പൊതുവായി സ്വീകരിക്കേണ്ടവ അത്തരത്തിലും, പ്രത്യേക സ്ഥലത്തിനും സംസ്കാരത്തിനും സാഹചര്യത്തിനുമൊക്കെ ഇണങ്ങുന്നവ ആ വിധത്തിലും അംഗീകരിക്കാമല്ലോ. മിഷൻപ്രദേശങ്ങൾക്കും പ്രവാസി സമൂഹങ്ങൾക്കും അത് വളരെ സഹായകമാകാനും ഇടയുണ്ട്.

**ആരാധനാവത്സരവും പ്രോപ്രിയാകളും**

സീറോ മലബാർസഭയിൽ ആരാധനാവത്സരക്രമീകരണവും പ്രോപ്രിയാകളും തമ്മിൽ അഭേ ദ്യമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതിനാൽതന്നെ അവ സംവിധാനം ചെയ്യുമ്പോൾ, സഭ നിശ്ചയി ച്ചിട്ടുള്ളതും ഉറവിടങ്ങൾ കാണിക്കുന്നതുമായ ചില അടിസ്ഥാനഘടകങ്ങൾ അവഗണിക്കാനാവില്ല. ഇവയുടെ കാര്യത്തിൽ ഓരോ സഭയ്ക്കും അവയുടെ തനതായ, അനന്യമായ ദൈവശാസ്ത്രവീക്ഷ ണവും ആദ്ധ്യാത്മിക അടിത്തറയും പാരമ്പര്യസമ്പത്തും ഉണ്ടുതാനും.

ഈശോയുടെ മനുഷ്യാവതാര-രക്ഷണീയരഹസ്യം മനസ്സിലാക്കി, സഭയിൽ ആഘോഷിച്ച്, സ്വജീവിതാംശമാക്കുന്ന കാര്യത്തിൽ പാശ്ചാത്യ-പൗരസ്ത്യസഭകൾ തമ്മിൽ പൊതുവിലും, ഓരോ സഭയും തമ്മിൽ പ്രത്യേകിച്ചും, വളരെ വ്യത്യസ്തങ്ങളായ സമീപനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. അതു കൊണ്ടുതന്നെ അവ കൂട്ടിക്കുഴയ്ക്കുമ്പോൾ ഏച്ചുകെട്ടിയതുപോലെ മുഴച്ചിരിക്കുക സ്വാഭാവികവും. എപ്പോഴും എണ്ണയും വെള്ളവുംപോലെ ചേരാതെ കിടക്കുകയും ചെയ്യും. കത്തോലിക്കാസഭയുടെ പരമാധികാരം അതൊട്ടും ആഗ്രഹിക്കുന്നില്ലെന്നു മാത്രമല്ല, ഓരോ സഭയും ഓരോ പാരമ്പര്യവും അതതിന്റെ തനിമ ഒട്ടും നഷ്ടപ്പെടുത്താതെ വളരണമെന്ന് ആവർത്തിച്ച് ഉദ്ബോധിപ്പിക്കയും ചെയ്തു കൊണ്ടിരിക്കുന്നു. ഓരോ സഭയുടെയും വ്യക്തിത്വം അതിന്റെ തനതായ, അനന്യമായ, ലിറ്റർജി, ആദ്ധ്യാ ത്മികത, ദൈവശാസ്ത്രം, ഭരണക്രമം, ആശ്രമജീവിതശൈലി, നോമ്പാചരണം തുടങ്ങിയവയിലാണ ടങ്ങിയിരിക്കുന്നതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമായി പഠിപ്പിച്ചിട്ടുമുണ്ടല്ലോ.

**ആഗമനം, പിറവി കാലങ്ങൾ ലത്തീൻസഭയിൽ**

ലത്തീൻസഭയിലെ 'ആഗമനം', 'പിറവി' കാലങ്ങളുടെയും (Advent, Christmastide), സീറോ മലബാർസഭയുടെ 'മംഗലവാർത്ത' (Subara = Annunciation) ക്കാലത്തിന്റെയും 'ദൈവശാസ്ത്ര-ആ ദ്ധ്യാത്മികസമീപനം' തികച്ചും വ്യത്യസ്തമാണ്. ലത്തീൻസഭയിൽ, പിറവിത്തിരുനാളിൽ ഈശോയുടെ ജനനം ആഘോഷിക്കുന്നു. ആഗമനകാലം അതിനുള്ള ഒരുക്കവും പിറവിക്കാലം അതിന്റെ ആഘോ ഷതുടർച്ചയുമാണ്.

**സീറോമലബാർസഭയുടെ മംഗലവാർത്തക്കാലം**

സീറോ മലബാർസഭയിലാകട്ടെ, മംഗലവാർത്തക്കാലം മുഴുവൻ, ആരാധനാവത്സരാരംഭം മുതൽ ദനഹാക്കാലം ആരംഭിക്കുന്നതുവരെയുള്ള കാലഘട്ടം ദൈവത്തിന്റെ മനുഷ്യാവതാരരഹസ്യത്തിന്റെ ആഘോഷമാണ് - സത്യത്തിൽ, പിറവിത്തിരുനാൾ അഥവാ ക്രിസ്മസ് ആഘോഷമാണ് - ദീർഘമായ ക്രിസ്മസ്ഘോഷം. ഡിസംബർ 25-ാം തീയതി ആഘോഷങ്ങളുടെ കേന്ദ്രമായി നില്ക്കുന്നുവെന്നു മാത്രം. 'സൂബാറാ' എന്ന സുറിയാനിപദത്തിന്റെ അർത്ഥം 'അറിയിപ്പ്' എന്നാണല്ലോ. അതായത്, 'മംഗളവാർത്ത' - ദൈവപുത്രൻ മനുഷ്യനായി അവതരിച്ചതിന്റെ അറിയിപ്പ് അഥവാ സദ്‌വാർത്ത. ഒരുക്കവും ആഘോഷവും എന്ന വേർതിരിവ് സീറോ മലബാർസഭയുടെ ആരാധനാദ്ധ്യാത്മികതയ്ക്കും ദൈവശാസ്ത്രവീക്ഷണത്തിനും അന്യമാണ്, ഘടകവിരുദ്ധമാണ്.

ദൈവപുത്രൻ ഇനിയൊരിക്കലും മനുഷ്യനായി അവതരിക്കയില്ലെന്നു വ്യക്തം. വിശ്വാസികളായ നാം ചെയ്യേണ്ടതും ചെയ്യുന്നതും 'മനുഷ്യാവതാരരഹസ്യം' സഭാത്മകവും ഫലപ്രദങ്ങളുമായ അടയാളങ്ങളിലും പ്രതീകങ്ങളിലുംകൂടി സഭയിൽ ആഘോഷിച്ച് പ്രസ്തുത രഹസ്യത്തിന്റെ ഫലത്തിൽ നിറയുകയാണ്. മറിച്ചുള്ള ചിന്താരീതിയും ചെയ്തികളും പാശ്ചാത്യ അധിനിവേശത്തിന്റെ കാണാപ്പുറങ്ങൾ മാത്രമാണ്. സീറോ മലബാർസഭയുടെ ആരാധനാദ്ധ്യാത്മികതയിൽ മംഗലവാർത്തക്കാലം മുഴുവൻ ഒരു വലിയ ക്രിസ്മസ് ആണ് - എല്ലാവർക്കും താല്പര്യമെങ്കിൽ, ആരാധനാവത്സരാരംഭം മുതൽ ദനഹാക്കാലം തുടങ്ങുന്നതുവരെയുള്ള പ്രസ്തുത കാലഘട്ടത്തെ 'പിറവിക്കാലം' എന്നു വിളിക്കുകയും ചെയ്യാം.

**പുതിയ പ്രവണത**

ഏതാനും വർഷങ്ങളായി സീറോ മലബാർസഭയുടെ ആരാധനാവത്സരപഞ്ചാംഗത്തിലും ഇപ്പോൾ പ്രോപ്രിയായിലും തനി ലത്തീൻശൈലിയിൽ പിറവിത്തിരുനാൾ കഴിഞ്ഞ് ദനഹാവരെയുള്ള കാലയളവ് 'പിറവിക്കാലം' എന്ന തലക്കെട്ടിൽ കൊടുത്തുകാണുന്നതിൽ ഖേദമുണ്ട്. സഭയുടെ ആധികാരിക ഉറവിടങ്ങളിൽ ഒരിടത്തും അത്തരം സൂചനപോലും കാണാനില്ല. പിറവിത്തിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചകൾ ചിലപ്പോൾ പിറവി കഴിഞ്ഞുള്ള ഒന്നാം ഞായർ, രണ്ടാം ഞായർ എന്നു രേഖപ്പെടുത്തി കണ്ടിട്ടുണ്ട്. നേരത്തെ പറഞ്ഞുവച്ചതുപോലെ, മംഗലവാർത്തക്കാലം വെട്ടിമുറിക്കുന്ന രീതി സീറോ മലബാർസഭയുടെ ആരാധനാദ്ധ്യാത്മികതയോടും ദൈവശാസ്ത്രചിന്തയോടും ഒരുതരത്തിലും നീതി പുലർത്തുന്നതല്ല.

**ആഴ്ചയുടെ ഒന്നാം ദിവസം**

മിശിഹാനുയായികൾ എല്ലാവർക്കും ഞായറാഴ്ചകൾ അതിപ്രധാനദിനങ്ങളാണല്ലോ. ''ആരാധനാവത്സരത്തിന്റെ അടിത്തറയും കേന്ദ്രബിന്ദു''വുമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അതിനെ വിശേഷിപ്പിക്കുന്നത്. 'കർത്താവിന്റെ ദിവസം' എന്ന പേരിൽ ഗ്രീക്കു-ലത്തീൻ സഭകൾ ആരംഭകാലം മുതൽതന്നെ ഈ ദിനം ആഘോഷിച്ചുപോരുന്നുണ്ട്. സുറിയാനി സഭകളാകട്ടെ, സുവിശേഷങ്ങളിൽ ഉടനീളം കാണുന്നതും യഹൂദപാരമ്പര്യത്തിൽനിന്നുള്ള തുടർച്ചയുമായ 'ആഴ്ചയുടെ ഒന്നാംദിനം' എന്നാണിതിനെ വിളിക്കുന്നത്. എല്ലാ സഭകളും ഉത്ഥിതന്റെ ദിനമായിട്ടാണ് ഇതിനെ ഘോഷിക്കുന്നതും. പ്രസ്തുത പശ്ചാത്തലത്തിൽതന്നെ സഭാപിതാക്കന്മാർ പലപ്പോഴും ഇതിനെ 'എട്ടാംദിനം' അതായത് കണക്കിനതീതമായ ദിനം അഥവാ യുഗാന്ത്യദിനം എന്നും വിശേഷിപ്പിക്കുന്നുണ്ട്. ഞായറാഴ്ചയാചരണം സംബന്ധിച്ച് ബഹു. ചാൾസ് പൈങ്ങോട്ടച്ചന്റെ വളരെ പണ്ഡിതോചിതമായ ലേഖനം 'സത്യദർശനമാല'യിൽ വന്നുകഴിഞ്ഞ സാഹചര്യത്തിൽ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇത്രയും രേഖപ്പെടുത്തിയതുതന്നെ സീറോ മലബാർസഭയുടെ അതിവിശിഷ്ടമായ ഒരു പ്രത്യേകത എടുത്തുകാണിക്കുന്നതിനായിട്ടാണ്.

**കാലങ്ങൾ ഞായറാഴ്ചകളിൽമാത്രം ആരംഭിക്കുന്നു**

ഈ സഭയുടെ ആരാധനാവത്സരത്തിലെ എല്ലാ കാലങ്ങളും തുടങ്ങുന്നത് ഞായറാഴ്ചകളിലാണ്. വളരെ ചുരുങ്ങിയ വർഷങ്ങളായി ആരാധനാവത്സരപഞ്ചാംഗത്തിൽ 'ദനഹാക്കാലം' ജനുവരി 6 നു ദനഹാത്തിരുനാളോടുകൂടി ആംരഭിക്കുന്നതായി കാണുന്നു. സഭയുടെ കലണ്ടർ ആർക്കും, എങ്ങനെയും കാരണങ്ങൾ ഒന്നും കാണിക്കാതെതന്നെ, പഠനങ്ങളോ ചർച്ചകളോ ഇല്ലാതെയും വ്യതിയാനം വരുത്താവുന്നതാണോ?

സുറിയാനി ഉറവിടങ്ങൾ കാണിക്കുന്നതനുസരിച്ച് ദനഹാത്തിരുനാൾദിനമായ ജനുവരി 6 -ാം തീയതിക്ക് അടുത്തുവരുന്ന ഞായറാഴ്ച ദനഹാക്കാലം തുടങ്ങണം. അങ്ങനെയെങ്കിൽ, തിങ്കൾ, ചൊവ്വ,

ബുധൻ ദിവസങ്ങളിൽ ജനുവരി 6 വരുമ്പോൾ അതിനു മുമ്പുള്ള ഞായറാഴ്ചയും മറ്റു ദിനങ്ങളിലാണെങ്കിൽ അതു കഴിഞ്ഞുള്ള ഞായറാഴ്ചയും കാലം തുടങ്ങണം. അങ്ങനെ തുടങ്ങുന്നതുകൊണ്ട് കാര്യമായ എന്തെങ്കിലും ബുദ്ധിമുട്ടുള്ളതായി അനുഭവപ്പെട്ടിട്ടില്ല. ദനഹാത്തിരുനാൾ കാലത്തിനകത്തുതന്നെ വരുത്തുന്നതിനുള്ള ആഗ്രഹമാണെങ്കിൽ, ആവശ്യമായ പഠനത്തിനും ചർച്ചകൾക്കുംശേഷം ദനഹാത്തിരുനാളിനു മുമ്പുള്ള ഞായറാഴ്ച കാലം തുടങ്ങുന്നുവെന്നു തീരുമാനിക്കാനായാൽ, അതു സഭയുടെ ദൈവശാസ്ത്രത്തിനും ആദ്ധ്യാത്മികതയ്ക്കും ആരാധനാചൈതന്യത്തിനും യോജിക്കുന്നതും ഉറവിടത്തെ ധന്യമാക്കുന്നതുമായിരിക്കുമെന്ന അഭിപ്രായമുണ്ട്. എങ്ങനെയായാലും ഞായറാഴ്ചകളിലല്ലാതെ കാലം തുടങ്ങുന്ന രീതി ഒരുതരത്തിലും ന്യായീകരിക്കാനാകയില്ലെന്നു മാത്രമല്ല, സഭയുടെ മൗലികപൈതൃകത്തെ വികലമാക്കുന്നതുമാണ്.

**ഏലിയാ സ്ലീവാക്കാലവും മൂശേക്കാലവും**

1968-ൽ പരീക്ഷണാർത്ഥം നടപ്പിലായ കുർബാനതക്സായിൽ പ്രത്യേകരീതിയിൽ ഓരോ കാലത്തിനുമെന്നപോലെ പ്രോപ്രിയാകൾ കൂട്ടിച്ചേർത്തപ്പോഴാണ് ഏലിയാ, സ്ലീവാ, മൂശേ ഒരുകാലംപോലെ ഒന്നിച്ചുകൊടുത്തത്. ഇപ്പോൾ ഒന്നാണോ മൂന്നാണോ എന്നു തിരിച്ചെടുക്കാനാകാത്ത തരത്തിലാണ് ആരാധനാവത്സരപഞ്ചാംഗത്തിലും പ്രോപ്രിയാകളിലും കൊടുത്തിരിക്കുന്നത്.

നമ്മുടെ ഉറവിടങ്ങൾ സാക്ഷിക്കുന്നതനുസരിച്ച് ഇവ രണ്ടു കാലങ്ങളാണ് - 'ഏലിയാ-സ്ലീവാ' ഒരു കാലവും 'മാർ മൂശേ' മറ്റൊന്നും. ദൈവശാസ്ത്രചിന്ത, ആദ്ധ്യാത്മിക ഊന്നൽ, ആരാധനാചൈതന്യം തുടങ്ങിയവയനുസരിച്ചും രണ്ടും തമ്മിൽ കാതലായ വ്യത്യാസം ഉറവിടത്തിൽ കാണുന്നുണ്ട്. ഏലിയാ സ്ലീവാക്കാലം സ്വർഗ്ഗീയജീവിതത്തിന്റെ മുന്നാസ്വാദനത്തിന് ഊന്നൽകൊടുക്കുമ്പോൾ മൂശേക്കാലം അന്ത്യവിധിക്കാണ് മുൻതൂക്കം നൽകുന്നത്. സഭയുടെ വിശ്വാസജീവിതത്തിന്റെയും ആരാധനാദ്ധ്യാത്മികതയുടെയും തനതും അനന്യവുമായ പ്രസ്തുത സവിശേഷത അവഗണിക്കുന്നത് ഒരു തരത്തിലും ബുദ്ധിപൂർവ്വകമാകയില്ല. അങ്ങനെ സംഭവിക്കാനിടയായാൽ നമ്മുടെ സവിശേഷമായ ആരാധനാ ആദ്ധ്യാത്മിക-ദൈവശാസ്ത്രസമ്പത്തിനെ ശുഷ്കമാക്കുകയായിരിക്കും ഫലം.

ഏലിയാ-സ്ലീവാക്കാലത്തിൽ സ്ലീവായുടെ പുകഴ്ചാദിനമായ സെപ്റ്റംബർ 14-നു മുമ്പ് കാലത്തെ 'ഏലിയാ' എന്നു മാത്രവും തിരുനാൾ കഴിഞ്ഞ് 'ഏലിയാ' എന്നോ 'സ്ലീവാ' എന്നോ ആയും വിളിക്കാമെന്നാണ് ഉറവിടം നിർദ്ദേശിക്കുന്നത്.

**കുർബ്ബാനയിലെ മർമ്മീസാ**

സീറോ മലബാർസഭയുടെ ആരാധനാശൈലിയനുസരിച്ച് വി. കുർബ്ബാനയിൽ മൂന്നു സങ്കീർത്തനങ്ങൾ അടങ്ങുന്ന ഒരു മർമ്മീസാ അഥവാ സങ്കീർത്തനമാലയാണ് ആരംഭത്തിലെ 'സ്വർഗ്ഗസ്ഥായ പിതാവേ...' കഴിഞ്ഞുവരുന്നത്. അതു വിപുലീകരിക്കുകയോ ചുരുക്കുകയോ ചെയ്യാവുന്നതുമാണ്. ഒരു സങ്കീർത്തനത്തിന്റെ ഏതാനും വാക്യങ്ങൾ വരെ ചുരുക്കാൻ നിർദ്ദേശങ്ങളുമുണ്ട്. എന്നാൽ മർമ്മീസായുടെ ആരാധനാത്മകഘടന അവികലമായി നിലനിറുത്തണമെന്നാണ് ഔദ്യോഗികമായ എല്ലാ രേഖകളിലും കാണുന്നത്. അത് കത്തോലിക്കാസഭയിലെ എല്ലാ സഭകളുടെയും പൊതു ലിറ്റർജി ശൈലിയുമാണ്. അതുകൊണ്ട് പ്രോപ്രിയാകൾ ഉചിതമാംവിധം ഉപയോഗത്തിലാകുന്നതോടുകൂടി മർമ്മീസായുടെ ശരിയായ ലിറ്റർജി ഘടനയും പുനസ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഇപ്പോഴത്തെ കുർബ്ബാനതക്സായിൽ പകരം ചൊല്ലാവുന്നത് എന്ന തലക്കെട്ടിൽ, കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും.... എന്നു തുടങ്ങുന്ന (പേജ് 19 മുതൽ) മർമ്മീസാ ശരിയായ ഘടന വ്യക്തമാക്കുന്നതാണ്. നമുക്കറിവില്ലാത്ത കാലം മുതൽ ഇടമുറിയാതെ നമ്മുടെ കുർബാനക്രമത്തിൽ നിലനിന്നിട്ടുള്ള മർമ്മീസയാണിത്. മാത്രമല്ല, മിക്കവാറും 1968 വരെ നാം ചൊല്ലിയിരുന്ന ഏക മർമ്മീസായും അതാകാൻ സകല സാദ്ധ്യതകളുമുണ്ട്. അതിൽ കൈവയ്ക്കാൻ ആരും തുനിയാതിരുന്നതുകൊണ്ട് ഇന്നും അത് പൂർണ്ണമായ ലിറ്റർജി ഘടനയിൽ നിലനില്ക്കുന്നു. 1968 മുതൽ ഉപയോഗത്തിനായി നൽകിയിട്ടുള്ളവയെല്ലാം ഏതെങ്കിലും തരത്തിൽ വികലമായിട്ടുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രോപ്രിയാകളിലെ സ്ഥിതിയും വ്യത്യസ്തമല്ല.

**മർമ്മീസായുടെ ആരാധനാത്മകഘടന**

ഉപയോഗിക്കുന്ന സങ്കീർത്തനങ്ങളിൽ ആദ്യത്തേതിൽ ആദ്യവാക്യത്തിനുശേഷം അതേ സങ്കീർത്തനത്തിന്റെ അല്ലെങ്കിൽ പ്രത്യേകം നിശ്ചിയക്കപ്പെട്ടിട്ടുള്ള ''കാനോനാ'' ചേർത്തശേഷം ആദ്യവാക്യം ആവർത്തിച്ച് സങ്കീർത്തനങ്ങൾ പൂർത്തിയാക്കുന്നു. ''പിതാവിനും പുത്രനും... ആദിമുതൽ...'' കഴിഞ്ഞ് ''കാനോനാ''യും ആദ്യവാക്യവും ആവർത്തിച്ച്, ''എല്ലാറ്റിനേയും വിശുദ്ധീകരിക്കുന്ന

ദൈവമേ, നിന്റെ ബലിപീഠം എത്ര മഹനീയവും മനോഹരവുമാകുന്നു'' എന്ന വാക്യത്തോടുകൂടി വേണം മർമ്മീസാ എത്ര ചുരുക്കിയാലും അവസാനിപ്പിക്കുവാൻ.

**ഇടദിവസങ്ങൾ**

സീറോ മലബാർസഭയുടെ ആരാധനാചൈതന്യമനുസരിച്ച് പ്രോപ്രിയാകൾ ഉള്ളത് ഞായറാഴ്ചകൾക്കും തിരുനാളുകൾക്കുമാണല്ലോ. ഇടദിവസങ്ങളിൽ ഞായറാഴ്ചകൾക്കുള്ളവ ഉപയോഗിക്കാൻ പാടില്ല എന്ന് നിയമമൊന്നുമില്ലെങ്കിലും, സാധാരണയായി ഉപയോഗിക്കേണ്ടത് ''കർത്താവേ നിന്റെ കൂടാരത്തിൽ...'' എന്നു തുടങ്ങുന്ന മർമ്മീസായും തക്സായിൽ തന്നെ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളും ഗീതങ്ങളുമൊക്കെയാണ്. എന്നാൽ തെറ്റിദ്ധാരണകൊണ്ടോ എന്തോ കാലത്തിന്റെയോ, ഞായറാഴ്ചയുടെയോ ഒക്കെ പ്രോപ്രിയാകളാണ് സാധാരണ ഇടദിവസങ്ങളിലും ആവർത്തിക്കുന്നത്. അതിനാൽതന്നെ അതിപുരാതനവും മാതൃകാപരവും അതിസമ്പന്നവും ഒക്കെയായ പ്രസ്തുത മർമ്മീസായുടെയും തക്സായിൽതന്നെ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളുടെയും ഗീതങ്ങളുടെയും ഉപയോഗം ഏതാണ്ട് അന്യംനിന്ന രീതിയിലായിരിക്കയാണ് നമ്മുടെ സഭയിൽ. നമ്മുടെ വിശ്വാസികൾക്കും പ്രത്യേകിച്ച് വൈദികർക്കും വൈദികവിദ്യാർത്ഥികൾക്കുമൊക്കെ പ്രോപ്രിയാകൾ ഉപയോഗിക്കുന്ന രീതിയിൽ ധാരണയുണ്ടാക്കാൻ സാധിച്ചാൽ പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടും.

**ആരാധനക്രമഗ്രന്ഥങ്ങൾ**

ആരാധനാകർമ്മങ്ങളെല്ലാം സഭാസമൂഹത്തിന്റേതാണല്ലോ. അതുകൊണ്ട് ആരാധനക്രമഗ്രന്ഥങ്ങൾ അവയുടെ പൂർണ്ണരൂപത്തിൽതന്നെ എല്ലാവർക്കും ലഭ്യമാക്കേണ്ടതാണ്. വിശ്വാസികൾ ചൊല്ലാനും ചെയ്യാനും പാടില്ലെങ്കിലും കാണുകയോ അറിയുകയോ വേണ്ടാത്ത പ്രാർത്ഥനകളോ കർമ്മങ്ങളോ ലിറ്റർജിയിലില്ല. സഭയുടെ പൊതുവും ഔദ്യോഗികവുമായ എല്ലാ ലിറ്റർജികർമ്മങ്ങളും പൂർണ്ണരൂപത്തിൽ കാർമ്മികപതിപ്പായും സാധാരണരീതിയിലും പ്രസിദ്ധീകരിക്കേണ്ടതാണ്. അവ ഓരോ സ്ഥലത്തും വെട്ടിച്ചുരുക്കി പ്രസിദ്ധീകരിക്കുന്ന പ്രവണത കർശനമായി നിരുത്സാഹിപ്പിക്കേണ്ടത് സഭയുടെ ഐക്യത്തിനും ഒരുമയ്ക്കും അത്യാവശ്യമാണ്.

വിശുദ്ധ കുർബ്ബാനയ്ക്കു മാത്രമല്ല, എല്ലാ ലിറ്റർജി കർമ്മങ്ങൾക്കും - കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥന തുടങ്ങിയവയ്ക്കെല്ലാം - വിശ്വാസികൾ എല്ലാവരും പുസ്തകങ്ങൾ ഉപയോഗിച്ച് സജീവമായി ഭാഗഭാക്കുകളാകുന്ന ശൈലി എല്ലായിടത്തും അവശ്യം പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. അഭ്യസ്തവിദ്യരായ നമ്മുടെ സഭാംഗങ്ങൾ ദൈവാരാധനയിൽ വെറും കാഴ്ചക്കാരായി നിൽക്കുന്നത് പരിതാപകരമല്ലേ?

**ഐച്ഛികപ്രാർത്ഥനകളും കർമ്മങ്ങളും**

ആരാധനക്രമങ്ങളിൽ ഐച്ഛികമായി (optional) പലതും കൊടുക്കുക സ്വാഭാവികവും സർവ്വസാധാരണവുമാണ്. അങ്ങനെ കൊടുക്കുന്നവ ഉപേക്ഷിച്ചുകൊള്ളണം എന്നു സഭാമാതാവ് ഒരിക്കലും ആഗ്രഹിക്കുന്നില്ല. നേരേമറിച്ച്, അവ ഉചിതമായി ഉപയോഗിക്കണം, മാറി മാറി ഉപയോഗിക്കണം എന്നൊക്കെയാണ് സഭയുടെ ധാരണ. എല്ലാ പൗരസ്ത്യസഭകളുടെയും ലിറ്റർജികൾ സ്വാഭാവികമായും ദൈർഘ്യമുള്ളവയാണ്. ഒരുപക്ഷേ സീറോമലബാർസഭയുടേതായിരിക്കാം അവയിൽ ഏറ്റവും ലളിതവും ഹ്രസ്വവുമായിട്ടുള്ളത്. സമുചിതമായി ചുരുക്കുന്നതിനുള്ള സംവിധാനങ്ങളും എല്ലാ സഭകൾക്കുമുണ്ട്. എന്നാൽ, ഒരു പൗരസ്ത്യസഭയും അത്യാവശ്യമില്ലാതെ ദൈവാരാധനാകാര്യത്തിൽ പിശുക്കു കാണിക്കുകയില്ലെന്നുള്ളതാണ് സത്യം. നമ്മുടെ സർവ്വസ്വവുമായ നല്ല ദൈവത്തെ സ്തുതിക്കുന്ന കാര്യത്തിൽ ഒരിക്കലും ലുബ്ധരാകാൻ പറ്റുകയില്ലല്ലോ. ആരാധനക്രമഗ്രന്ഥങ്ങൾ സമുചിതമായും ഫലപ്രദമായും ഉപയോഗിക്കുന്ന കാര്യത്തിലും നാം യഥാവിധി പരിശീലിപ്പിക്കപ്പെടണം.

**ആഴമായ പഠനം**

സഭയിൽ കൈമാറിക്കിട്ടിയിട്ടുള്ള ഉറവിടപൈതൃകവും, അതിന്റെ സാത്മീകരണം, വിനിയോഗം അനുരൂപണം വളർത്തൽ തുടങ്ങിയവ സംബന്ധിച്ചുള്ള ഔദ്യോഗികപഠനങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവയും ദൈവജനത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവർക്കും സംലഭ്യമാക്കേണ്ടതും വിവിധതലങ്ങളിൽ അവയുടെ പഠനവും ചർച്ചകളും നടക്കേണ്ടതുമാണ്. അടിത്തറയില്ലാതെ ഒരിക്കലും വളരാനാകില്ലല്ലോ. സഭാസമൂഹം മുഴുവനുംകൂടി ഒരുമിച്ചു വളർന്നു വികസിക്കുകയും വേണം. ഇത്തരത്തിലുള്ള തുടർപഠനത്തിന്റെയും സാത്മീകരണത്തിന്റെയും ജീവാത്മകമായ വളർച്ചയുടെയും ഒക്കെ അഭാവത്തിൽ ചില സഭകൾ അന്യംനിന്നുപോയ ചരിത്രവും കത്തോലിക്കാസഭയിലുണ്ട്. അറിയാത്തതിനെ സ്നേഹിക്കാനോ വളർത്താനോ ആർക്കും സാധിക്കുകയില്ല. കൈമാറി കിട്ടിയിട്ടുള്ളതിനെ അറിഞ്ഞ്,

സ്നേഹിച്ച്, അനുഭവിച്ച്, സഭാത്മകമായും ജീവാത്മകമായും വളർത്തി വികസിപ്പിച്ച് അടുത്ത തലമുറയ്ക്ക് കൈമാറാനുള്ള ദൗത്യവും ഉത്തരവാദിത്വവുമാണ് നാം ഓരോരുത്തരേയും ദൈവം ഭരമേല്പിച്ചിരിക്കുന്നതും.

**അനർഘനിക്ഷേപങ്ങൾ**

എന്റെ പരിമിതമായ അറിവിൽ, സാർവ്വത്രികസഭയ്ക്കും ലോകം മുഴുവനും നൽകാൻ അനന്യവും അനർഘവുമായ നിക്ഷേപങ്ങൾ നമ്മുടെ സീറോമലബാർസഭാ പൈതൃകഘടകങ്ങളിൽ, പ്രത്യേകിച്ച്, ലിറ്റർജി പാരമ്പര്യത്തിലും ഗ്രന്ഥങ്ങളിലും ഒളിഞ്ഞുകിടപ്പുണ്ട്. ''പൗരസ്ത്യലിറ്റർജി ഒരുസ്വർണ്ണഖനിതന്നെ'' എന്നാണ് പൗരസ്ത്യസുറിയാനി കുർബാനക്രമത്തിലെ റൂഹാദ്ക്കുദശായുടെ പ്രവർത്തനം വിലയിരുത്തുന്ന ഗവേഷണഗ്രന്ഥത്തിൽ അത്തീല്ല മിക്കലോസ് ഹസ്സി എന്ന ഈശോസഭാപണ്ഡിതൻ കുറിച്ചിരിക്കുന്നത്. ഈ സ്വർണ്ണഖനിയുടെ ഉടമകളാണ് നാം. ഈ ഖനിയിലെ നിധികൾ പുറത്തുകൊണ്ടുവന്ന് സാർവ്വത്രികസഭയ്ക്കും ലോകം മുഴുവനും പ്രദാനം ചെയ്യുന്നതിനുള്ള ഗൗരവമായ കടമയാണ് നാം ഓരോരുത്തർക്കും ഉള്ളത്.

**സുറിയാനി പഠനം**

നമ്മുടെ കർത്താവ് ഈശോമിശിഹായുടെ സംസാരഭാഷ 'അറമായിക്' ആയിരുന്നല്ലോ. ഭാഷാപണ്ഡിതരെല്ലാംതന്നെ അത് 'സുറിയാനി'യാണെന്നും സമർത്ഥിക്കുന്നു. ഈശോയുടെ സ്വന്തം വാക്കുകളായി സുവിശേഷങ്ങളുടെ എല്ലാ വിവർത്തനങ്ങളിലുംതന്നെ നിലനിറുത്തിയിരിക്കുന്ന പദങ്ങളും വാകൃശകലങ്ങളും പരിശോധിച്ചാൽ സുറിയാനിഭാഷ വശമുള്ള ആർക്കും വ്യക്തമാകും അവ പൗരസ്ത്യസുറിയാനിയാണെന്ന്. ഈ സുറിയാനിഭാഷയിലായിരുന്നു നമ്മുടെ വിശുദ്ധ കുർബാനയും മറ്റെല്ലാ ആരാധനാകർമ്മങ്ങളും, 1962 വരെ. 1962 ജൂലൈ 3-ന് പുനരുദ്ധരിച്ച കുർബാനക്രമം നടപ്പിലാക്കിയതോടുകൂടി ദൈവാരാധനയിൽ ഭാഗികമായി മാതൃഭാഷയും ഉപയോഗിക്കാൻ തുടങ്ങി. 1968-ലാണ് എല്ലാം പൂർണ്ണമായും മലയാളത്തിലാക്കി ഈശോയുടെ ഭാഷയോട് നമ്മുടെ സഭ വിട പറഞ്ഞത്.

**ആരാധനാഭാഷ**

ക്രൈസ്തവ അഥവാ മെശയാനിക ആരാധനക്രമങ്ങളുടെ ഉത്ഭവം, വളർച്ച തുടങ്ങിയവയെക്കുറിച്ച് ആഴത്തിൽ പഠനം നടത്തിയിട്ടുള്ള പണ്ഡിതവരേണ്യരുടെ നിഗമനത്തിൽ, ഈശോയെ തുടർന്നുള്ള അരനൂറ്റാണ്ടുകാലം എല്ലാ സമൂഹങ്ങളിലും സഭയുടെ ആരാധന, 'അറമായ' ഭാഷയിലായിരുന്നു. സാവകാശത്തിൽ, ഗ്രീസ്, റോം തുടങ്ങിയ പാശ്ചാത്യദേശങ്ങളിൽ അന്നു പ്രചാരത്തിലിരുന്ന സാംസ്കാരികഭാഷയായ 'ഗ്രീക്ക്' ദൈവാരാധനയ്ക്ക് ഉപയോഗിച്ചു തുടങ്ങി. റോമിന്റെ നേതൃത്വത്തിൽ യൂറോപ്യൻ പ്രദേശങ്ങൾ 4-ാം നൂറ്റാണ്ടോടുകൂടി തങ്ങളുടെ ദൈവാരാധന ലത്തീൻഭാഷയിലാക്കി. അങ്ങനെ സഭയുടെ ദൈവാരാധനാചരിത്രം അപഗ്രഥിക്കുമ്പോൾ സഭയുടെ ലിറ്റർജി ആദ്യത്തെ അരനൂറ്റാണ്ടുകാലം അറമായ അഥവാ സുറിയാനിഭാഷയിൽമാത്രവും തുടർന്നുള്ള മൂന്നു നൂറ്റാണ്ടുകാലം സുറിയാനിയിലും ഗ്രീക്കിലും പിന്നീട് രണ്ടാം വത്തിക്കാൻ കൗൺസിൽവരെ സുറിയാനി, ഗ്രീക്ക്, ലത്തീൻഭാഷകളിലുമാണ് പ്രധാനമായും നടന്നിരുന്നതെന്ന് കാണാനാകും.

**പൗരസ്ത്യദേശങ്ങളിൽ**

പൗരസ്ത്യസഭകൾ, അതായത് സുറിയാനി, ഗ്രീക്ക് ഭാഷകൾ ആരാധനയ്ക്കായി ഉപയോഗിച്ചിരുന്നവർ, അവരുടെ ആരാധനാഭാഷകൾക്ക് ഒരുതരത്തിലുള്ള ദൈവികപ്രാധാന്യം കല്പിച്ചിരുന്നെങ്കിലും, കാലക്രമത്തിൽ ആവശ്യാനുസരണം ഭാഗികമായിട്ടെങ്കിലും സ്വന്തം മാതൃഭാഷയും ലിറ്റർജിയിൽ ഉപയോഗിച്ചിരുന്നു. റോം കേന്ദ്രീകരിച്ചുള്ള പാശ്ചാത്യസഭ മാത്രമാണ് മാതൃഭാഷകൾ ഒട്ടും ഉപയോഗിക്കാതെ ലത്തീൻഭാഷയിൽമാത്രം ലിറ്റർജി നടത്തിയിരുന്നത്. അതുകൊണ്ട് പൗരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം ദൈവാരാധനയിൽ മാതൃഭാഷയുടെ ഉപയോഗം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണഫലമല്ല. മറിച്ച്, ലത്തീൻസഭയിലെ നവീകരണത്തിനു പ്രചോദനം നൽകിയത് പൗരസ്ത്യസഭകളാണ്.

**മാർതോമാ നസ്രാണികൾ**

മാർതോമാ നസ്രാണികൾ സുറിയാനി ഭാഷയോട് അതിരില്ലാത്തവിധം സ്നേഹവും താല്പര്യവും ആദരവും ഒക്കെ പ്രകടിപ്പിച്ചിരുന്നുവെന്ന് നമുക്ക് കൈമാറിക്കിട്ടിയിട്ടുള്ള രേഖകൾ ഒന്നൊഴിയാതെ വ്യക്തമാക്കുന്നുണ്ട്. സുറിയാനി അവരുടെ നാഥനായ ഈശോമ്ശിഹായുടെ ഭാഷയായിരുന്നു; അവരുടെ നാഥനായ മാർ തോമാശ്ലീഹായുടെ ഭാഷയായിരുന്നു; അവരുടെ ജീവന്റെ ജീവനായ വിശ്വാസം വകർന്നു കിട്ടിയ ഭാഷയായിരുന്നു.

മാർതോമാ നസ്രാണികൾക്ക് സുറിയാനിഭാഷ ഒരു പരിധിവരെ പരിചിതമായിരുന്നു, വശമായിരുന്നുവെന്നാണ് ചരിത്രസാക്ഷ്യങ്ങൾ വ്യക്തമാക്കുന്നത്. ഈശോയുടെയും ശ്ലീഹന്മാരുടെയുമൊക്കെ കാലയളവിൽ ലോകം മുഴുവനിലും പ്രത്യേകിച്ച് കിഴക്കൻ പ്രദേശങ്ങളിൽ അറിയപ്പെട്ടിരുന്ന വാണിജ്യഭാഷയായിരുന്നു അറമായ അഥവാ സുറിയാനി. ഇൻഡ്യയും മദ്ധ്യപൂർവ്വദേശങ്ങളും തമ്മിൽ വളരെ അടുത്ത കച്ചവടബന്ധം ഉണ്ടായിരുന്നതായും അതിനാൽതന്നെ സുറിയാനിഭാഷ ഇൻഡ്യയിൽ കാര്യമായി പ്രചരിച്ചിരുന്നതായും ചരിത്രസാക്ഷ്യങ്ങളുണ്ട്. അറമായ അഥവാ സുറിയാനിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അശോകചക്രവർത്തിയുടെ ശാസനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.

നമ്മുടെ ഇപ്പോഴത്തെ മാതൃഭാഷയായ മലയാളം വളർന്നു വികസിക്കുന്നത് 12-ാം നൂറ്റാണ്ടുമുതലാണല്ലോ. സുറിയാനിയാകട്ടെ ഒന്നാം നൂറ്റാണ്ടിനു മുമ്പുതന്നെ നമ്മുടെയിടയിൽ ഉണ്ടുതാനും. നാം അറിയാതെതന്നെ വളരെയേറെ സുറിയാനിപദങ്ങൾ നമ്മുടെ മാതൃഭാഷയിൽ ഉപയോഗിച്ചുകൊണ്ടാണിരിക്കുന്നതും. വിശദാംശങ്ങളിലേക്ക് ഇവിടെ കടക്കുന്നില്ല. ഒരുദാഹരണം മാത്രം: നമ്മുടെ 'അമ്മ' സുറിയാനിയിലെ 'എമ്മാ' ആണ്.

മറ്റെല്ലാ പൗരസ്ത്യസഭകളും കാലാന്തരത്തിൽ മാതൃഭാഷ ദൈവാരാധനയ്ക്കായി ഉപയോഗിച്ചിട്ടും മാർതോമാ നസ്രാണികൾ അങ്ങനെ ചെയ്യാതിരുന്നത്, സുറിയാനിഭാഷ അവർക്ക് മിക്കവാറും വശമായിരുന്നതുകൊണ്ടാകണം എന്നു മാനിക്കാനാണ് സാഹചര്യങ്ങൾ നിർബന്ധിക്കുന്നത്. സുറിയാനിയിൽ നടത്തിയിരുന്ന ആരാധനാകർമ്മങ്ങളിൽ പലതിന്റെയും അർത്ഥം ഈ അടുത്തകാലംവരെ വിശ്വാസികൾക്കും കുറെയൊക്കെ മനസ്സിലായിരുന്നു. എന്റെ വ്യക്തിപരമായ ഒരനുഭവം ഇവിടെ ചേർക്കട്ടെ. വളരെ ചെറുപ്പത്തിൽ പള്ളിയിൽ പോകുമ്പോൾ സുറിയാനി കുർബാനയിൽ കേൾക്കുന്ന പാട്ടുകൾ, വീട്ടിൽ വരുമ്പോൾ പാടി നടക്കുക ഒരു രസമായിരുന്നു. അങ്ങനെ പാടിയ ഒരവസരത്തിൽ, കൂട്ടത്തിൽ ഒരു വല്ല്യപ്പൻ മോൻ പാടുന്നതിന്റെ അർത്ഥം പഠിക്കേണ്ടേയെന്നു ചോദിച്ച് പിടിച്ചിരുത്തി പറഞ്ഞുതന്നു. വൈദികപഠനത്തിനെത്തി സുറിയാനി പഠിച്ചപ്പോഴാണ്, വല്ല്യപ്പൻ പറഞ്ഞുതന്നവയത്രയും കൃത്യമായ അർത്ഥം തന്നെയായിരുന്നുവെന്നു മനസ്സിലായത്. 1940 കളുടെ അന്ത്യത്തിലെ അനുഭവമാണിത്. വല്ല്യപ്പനാണെങ്കിൽ അന്നത്തെ ഒരു സാധാരണ കർഷകനും. നമ്മുടെ പൂർവ്വികർ വിശുദ്ധ കുർബാനയുടെയും മറ്റ് ആരാധനകർമ്മങ്ങളുടെയും സമയത്ത് വെറും കാഴ്ചക്കാരല്ലായിരുന്നുവെന്നതിന് ഒന്നാംതരം തെളിവല്ലേയിത്.

**ഭാഷയും മതവും**

ഭാഷയും മതവും സംസ്കാരവുമൊക്കെ കെട്ടുപിണഞ്ഞുകിടക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ഓരോ മതത്തിന്റെയും സംസ്കാരത്തിന്റെയും പ്രാക്തനരൂപഭാവം അതതിന്റെ ഉത്ഭവകാലത്തെ ഭാഷയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ആവിഷ്കൃതമതങ്ങളെ സംബന്ധിച്ചിടത്തോളം ഇത് പൂർണ്ണാർത്ഥത്തിൽ ശരിയാണ്. ഹീബ്രുഭാഷയില്ലാത്ത യഹൂദമതത്തെക്കുറിച്ചോ അറബിയില്ലാത്ത ഇസ്ലാമിനെക്കുറിച്ചോ ചിന്തിക്കാനാകുമോ? മെശയാനീകരുടെ അഥവാ ക്രൈസ്തവരുടെ ദൈവാവിഷ്കരണഭാഷയാണ് 'അറമായ' അഥവാ 'സുറിയാനി'. അവർ അതിന് കാര്യമായ പ്രാധാന്യം കല്പിക്കുന്നില്ലെന്നത് വിചിത്രമല്ലേ?

ഒരു പൗരസ്ത്യസഭയും അതിന്റെ ആരാധനാഭാഷ പൂർണ്ണമായി തിരിസ്കരിച്ചിട്ടില്ല. നമ്മുടെ സ്വന്തം സഹോദരങ്ങളായ മലങ്കരക്കാരുടെയും യാക്കോബായ-ഓർത്തഡോക്സുകാരുടേയുമൊക്കെ കാര്യം നമുക്ക് വ്യക്തമായി അറിയാവുന്നതുമാണ്. സീറോ മലബാർസഭ മാത്രമാണ് പൗരസ്ത്യസഭകളുടെ ഈ പൊതുശൈലിക്ക് അപവാദമായി നിൽക്കുന്നത്.

മുമ്പ് സൂചിപ്പിച്ചതുപോലെ, ദൈവാരാധനയിൽ മാതൃഭാഷയുടെ ഉപയോഗം പൗരസ്ത്യസഭകൾക്കൊന്നും രണ്ടാം വത്തിക്കാൻ കൗൺസിലിന്റ നവീകരണഫലമല്ല. സീറോമലബാർസഭയുടെ കാര്യവും അങ്ങനെതന്നെയാണ്. സീറോമലബാർസഭയിൽ തന്നെ പലരും അതു മനസ്സിലാക്കിയിട്ടുണ്ടോയെന്ന് സംശയമുണ്ട്. 15-ാം നൂറ്റാണ്ടിനു ശേഷമുണ്ടായ അവിഹിതമായ പാശ്ചാത്യവൽക്കരണത്തിലും ലത്തീനീകരണത്തിലുംനിന്നു സ്വതന്ത്രരായി, കുർബാനക്രമം ആധികാരികമായി പുനരുദ്ധരിച്ച് നടപ്പിലാക്കിയത് ഭാഗികമായി മലയാളഭാഷയിലാക്കിയാണ്. അത് രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങുന്നതിനു മുൻപായിരുന്നല്ലോ. അന്ന് അങ്ങനെ ചെയ്തത് പൗരസ്ത്യസഭകളുടെ പൊതുശൈലി മാനിച്ചാണ്.

എന്നാൽ കൗൺസിലിനുശേഷം തനി ലത്തീൻശൈലിയിൽ (മറ്റൊരു പൗരസ്ത്യസഭയും ചെയ്യാത്തവിധം) ദൈവാരാധന പൂർണ്ണമായും മാതൃഭാഷയിലാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നമ്മുടെ സഭയിൽനിന്നുതന്നെയുണ്ടായത്. അതു മുഴുവനായും വിജയിച്ചുവെന്നും പറയാം. അങ്ങനെ ഇന്ന്

ലോകത്തിൽ ഉറവിടആരാധാഭാഷയെ പൂർണ്ണമായും തിരസ്കരിച്ചിട്ടുള്ളത് ലത്തീൻസഭയും സീറോമലബാർസഭയും മാത്രമായിരിക്കും. അതിന്റെ പരിണതഫലവും ഈരണ്ടു സഭകളിലും കാണാനുമുണ്ട്. സഭയെ നയിക്കുന്നവർപോലും അതിന്റെ ഉറവിടഭാഷയ്ക്ക് അന്യരായിക്കഴിഞ്ഞിരിക്കുന്നു!

**ഉയിർത്തെഴുന്നേല്പ് അത്യാവശ്യം**

ഉയിർത്തെഴുന്നേൽക്കണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ലത്തീൻസഭയിൽ അപകടം മനസ്സിലാക്കിയ മാർപാപ്പ അതാംരഭിച്ചുകഴിഞ്ഞു. ലത്തീൻഭാഷയിൽ കുർബാന അർപ്പിക്കുന്നതിന് വലിയ പ്രോത്സാഹനമാണ് പിതാവ് നൽകിക്കൊണ്ടിരിക്കുന്നത്. പലേടത്തും ക്രമീകൃതമായ രീതിയിൽ അർപ്പണം തുടങ്ങിക്കഴിഞ്ഞു. ഉചിതമാംവിധം ലത്തീൻഭാഷയിൽ പരിശീലനവും കൊടുത്തുതുടങ്ങി.

നമ്മുടെ സഭയിലും വൈദികരും സന്യസ്തരും നിർബന്ധമായും സുറിയാനിഭാഷ പഠിക്കണമെന്ന് നിശ്ചയിച്ച്, ഉടൻതന്നെ പഠനം ആരംഭിക്കേണ്ടിയിരിക്കുന്നു. ഉറവിട പരിജ്ഞാനത്തിന് സുറിയാനിഭാഷ അപരിത്യാജ്യമാണ്. സാധിക്കുന്നതുപോലെ അൽമായരും സുറിയാനിഭാഷയിൽ പരിശീലിപ്പിക്കപ്പെടണം. നമ്മുടെ ദൈവാലയങ്ങളിലും ആശ്രമകപ്പേളകളിലും ഇടയ്ക്കിടയ്ക്കെങ്കിലും സുറിയാനിഭാഷയിൽ വിശുദ്ധ കുർബാനയർപ്പണം നടക്കണം. കൂടാതെ, അനുദിന ആരാധനാകർമ്മങ്ങളിൽ മർമ്മപ്രധാനങ്ങളായ ചില പദങ്ങളും വാക്യശകലങ്ങളുമെങ്കിലും എപ്പോഴും സുറിയാനിയിൽതന്നെ ചൊല്ലുകയോ പാടുകയോ ചെയ്യുന്ന രീതിയും പുനരുദ്ധരിക്കണം. അപ്പോൾ നമുക്ക് ഈശോയുമായി കൂടുതൽ അടുപ്പമുണ്ടാകും. ഒരേ ഭാഷ സംസാരിക്കുന്നവർ തമ്മിൽ എന്തെന്നില്ലാത്ത ഒരടുപ്പം തോന്നുക സ്വാഭാവികമാണല്ലോ.

**അടയാളങ്ങളും പ്രതീകങ്ങളും**

മെശയാനീകരുടെ അഥവാ ക്രൈസ്തവരുടെ ദൈവാരാധന അടയാളങ്ങളിലും പ്രതീകങ്ങളിലും കൂടി പ്രകൃത്യാതീതനായ ദൈവത്തെ പ്രാപിക്കുന്നതിനും അനുഭവിക്കുന്നതിനുമുള്ള പരിശ്രമമാണല്ലോ. ദൈവത്തെ പ്രാപിക്കുന്നതോ, ദൈവപുത്രനും രക്ഷകനുമായ ഈശോമിശിഹായിലും. അതുകൊണ്ട് ലിറ്റർജി മുഴുവൻ ഈശോയിലും അവിടുന്നു പൂർത്തിയാക്കിയ രക്ഷാകർമ്മത്തിലും എത്തുന്നതിനുള്ള വിവിധതരം അടയാളങ്ങളും പ്രതീകങ്ങളുമാണ്. സത്യത്തിൽ, അവയെല്ലാം മിശിഹായിലേക്ക് നമ്മെ കടത്തിനിറുത്തുന്ന വാതായനങ്ങളാണ്. നാം തന്നെ വാതായനങ്ങൾ തുറന്ന് അപ്പുറത്തേക്കു കടക്കണം. അപ്പോൾ ഈശോയോടൊത്ത് സ്വർഗ്ഗീയ അനുഭൂതിയിലായിത്തീരും. തുറക്കാനും കടക്കാനും കഴിഞ്ഞില്ലെങ്കിൽ ആർക്കും പ്രസ്തുത അനുഭൂതിയിലെത്താനാകില്ല. അതിനാൽ അടയാളങ്ങളടെയും പ്രതീകങ്ങളുടെയുമെല്ലാം സാഹചര്യങ്ങളും  അർത്ഥവും സാംഗത്യവുമെല്ലാം നല്ലപോലെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ, അപ്പുറത്തേക്കു കടക്കാൻ തീക്ഷ്ണമായ പരിശ്രമം ആവശ്യമായിരിക്കുന്നു. 'സത്യദർശനമാല'യിൽ പ്രത്യക്ഷപ്പെടുന്ന അടയാളങ്ങളെയും പ്രതീകങ്ങളെയും കുറിച്ചുള്ള ലേഖനങ്ങൾ ഇക്കാര്യത്തിൽ വളരെ സഹായകങ്ങളാണ്.

ഒളിമ്പിക്സ് ലഹരിയിലായിരുന്നല്ലോ നാം ഈ അടുത്ത നാളുകളിൽ. ഒരു സ്വർണ്ണത്തിനായുള്ള  പെടാപ്പാട്, പരിശ്രമങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം ഏകദേശം നാം മനസ്സിലാക്കിക്കഴിഞ്ഞതാണ്. പൗലോസ്ശ്ലീഹാ ഓട്ടക്കാരന്റെ കാര്യം നമ്മെ എത്രയോ പ്രാവശ്യം അനുസ്മരിപ്പിച്ചിരിക്കുന്നു? കായികരംഗത്തു മാത്രമല്ല, ജീവിതത്തിൽ ഏതു കാര്യത്തിനാണ് ശ്രമകരമായ പരിശ്രമം ആവശ്യമില്ലാത്തത്? അങ്ങനെയെങ്കിൽ നമ്മുടെ നിത്യജീവനുവേണ്ടി ഒട്ടും പരിശ്രമം വേണ്ടെന്നു വരുമോ? നിത്യജീവനാകുന്ന സ്വർണ്ണം നേടാനുള്ള പരിശ്രമമാണ് ലിറ്റർജി. അതുകൊണ്ട്, കാഴ്ചക്കാരായി മാറിനില്ക്കാതെ, കളത്തിലിറങ്ങി, ശ്രമകരമായ പരിശീലനം നടത്തി, സ്വർണ്ണത്തിലേക്ക് നമുക്കു കുതിക്കാം.

**അനുരൂപണം**

സ്ഥലകാല സാഹചര്യങ്ങളോടും ഉചിതമായ സാമൂഹ്യസാംസ്കരികഘടകങ്ങളോടും ഇഴുകിച്ചേരുന്നതിനുള്ള കഴിവും മാർ തോമാ നസ്രാണിപൈതൃകത്തിന്റെ അനന്യമായ പ്രത്യേകതയാണ്. പാശ്ചാത്യസ്വാധീനത്തിനുമുമ്പുള്ള മാർ തോമാ നസ്രാണികളുടെ ജീവിതശൈലി ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഈ പ്രത്യേകതയുടെ പശ്ചാത്തലത്തിലാണ് ''വിശ്വാസത്തിൽ കാതോലികം, ആരാധനയിൽ പൗരസ്ത്യം, സംസ്കാരത്തിൽ ഭാരതീയം'' എന്ന് നമ്മുടെ സഭാപൈതൃകത്തെ നമ്മുടെ സഭാപിതാവ് എന്നു വിശേഷിപ്പിക്കാവുന്ന പ്ലാസിഡ് പൊടിപാറയച്ചൻ ലോകത്തിനു പരിചയപ്പെടുത്തിക്കൊടുത്തത്.